**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*85.** **04.03.2020 ൽ മറുപടിയ്ക്ക്**

**സംസ്ഥാനം ലഹരി വിമുക്തമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീമതി.ഷാനിമോൾ ഉസ്മാൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി വസ്തുക്കളുടെ ഉപഭോഗം സംസ്ഥാനത്ത് വ്യാപകമാകുന്നത് മൂലമുള്ള പ്രശ്നങ്ങൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | പരിഗണിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനെതിരെ എക്സൈസ് വകുപ്പ് നിതാന്ത ജാഗ്രത പുലർത്തിവരുന്നതും, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തിപ്പെടുത്തി യിട്ടുള്ളതുമാണ്. |
| (ബി) | ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനും സംസ്ഥാനത്തെ ലഹരി വിമുക്തമാക്കുന്നതിനും എക്സൈസ് വകുപ്പിന്റെയും എൻഫോഴ്സ്മെന്റിന്റെയും പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വ്യാപനവും തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്.<br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഫലമായി നിരവധി കേസുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | എക്സൈസ് വകുപ്പിന്റെ ഷാഡോ സംവിധാനവും ഇന്റലിജൻസ് സംവിധാനവും ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | ലഹരി വസ്തുക്കളുടെ വിപണനവും വിനിയോഗവും അവസാനിപ്പിക്കാനുതകുന്ന വിധത്തിൽ എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിന്റെയും ആധുനീകരിക്കുന്ന തിന്റെയും ഭാഗമായി എക്സൈസ് വകുപ്പിൽ രണ്ട് ജില്ലകളിൽ വയർലസ് സംവിധാനം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുകയും ആയത് മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. മയക്ക് മരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മയക്കുമരുന്നുകൾ വേഗം തിരിച്ചറിഞ്ഞ് കേസ്സെടുക്കുന്നതിനായി എക്സൈസ് വകുപ്പ് നർക്കോട്ടിക് ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകൾ കേരളത്തിലെ 14 ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ട് റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് റിവോൾവർ/പിസ്റ്റൾ ലഭ്യമാക്കി ഫയറിംഗ് പരിശീലനം നൽകിവരുന്നു. കൂടാതെ വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അടിസ്ഥാന പരിശീലനം നൽകുകയും തുടർ പരിശീലനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് ടീമിന് കൂടുതൽ പ്രവർത്തിക്കുന്നതിനായി 14 വാഹനം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.<br>എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി മൂന്ന് സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നു. ഇതിനു പുറമേ സംസ്ഥാനതലത്തിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ഡി) | കോടിക്കണക്കിന് രൂപ ചെലവഴിച്ച് വിമുക്തിയുടെ പേരിൽ നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിൽ കാര്യമായ മാറ്റം ഉണ്ടാക്കുന്നില്ലായെന്ന വസ്തുത പരിശോധിക്കുമോ; | (ഡി) | വിമുക്തി മിഷൻ നടത്തുന്ന ബോധവൽക്കരണ പ്രചരണ പരിപാടികളും, പ്രവർത്തനങ്ങളും എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങൾക്കിടയിലും, കാര്യക്ഷമമായിട്ടുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പുതുതലമുറ, പ്രത്യേകിച്ച് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ മദ്യ/മയക്കുമരുന്ന്/ലഹരി ഉപയോഗത്തിന് വശംവദരാകാതിരിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |
| (ഇ) | ലഹരിവസ്തുക്കളുടെ ലഭ്യത കുറയ്ക്കുന്നതിനും അതിലൂടെ സംസ്ഥാനത്തെ ലഹരി വിമുക്തമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ? | (ഇ) | മദ്യത്തിന്റെ ആവശ്യകത സമൂഹത്തിൽ കുറയ്ക്കുന്നതിലൂടെ മാത്രമെ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാനാവുകയുള്ളൂ. ആയതിനാൽ എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി ലഹരി |

| | | | |
|---|---|---|---|
| | | | വർജ്ജനത്തിലൂടെ ലഹരി മുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ച് വിവിധ ബോധവത്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജന പങ്കാളിത്തത്തോട്ടു കൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് 'ലഹരി വിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുകയാണ് വിമുക്തി മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. ലഹരിയ്ക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ എത്തിക്കുന്നതിനായി 14 ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളോട് അനുബന്ധമായി 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതാണ്. 10 കിടക്കകളുൾപ്പെടുന്ന സൗകര്യത്തോടെയുള്ള ടി സെന്ററുകളിൽ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങളും സജ്ജമായിട്ടുണ്ട്. ടി സെന്ററുകളിൽ 20293 പേർക്ക് ഔട്ട്പേഷ്യന്റ് സേവനവും 2249 പേർക്ക് കിടത്തി ചികിത്സയും നൽകിയിട്ടുണ്ട്. ലഹരിയ്ക്ക് അടിമപ്പെട്ടവർക്കും ലഹരിയുടെ പാതയിലേയ്ക്ക് വഴുതിപ്പോകാൻ ഇടയുള്ളവർക്ക് പരിചരണവും കരുതലും ആവശ്യമാണെന്ന ഉത്തമ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ വിമുക്തി മിഷന്റെ ഭാഗമായി സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ച് കൗൺസിലിംഗ് നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**